## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.396

### 29-01-2019 ൽ മറുപടിക്ക്

## കിഫ്ബി ഉദ്യോഗസ്ഥരുടെ സേവന-വേതന വ്യവസ്ഥകൾ

| ചോദ്യം<br>ശ്രീ. വി.ടി. ബൽറാം | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ 3 വർഷത്തെ കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്. പ്രതിവർഷം 10% വർദ്ധനവോടുകൂടി മാസം 2.75 ലക്ഷം രൂപ ഏകീകൃത വേതനവും, വാഹന സൗകര്യവും, മൊബൈൽ ഫോൺ ചാർജ്, ലാന്റ് ഫോൺ ചാർജ്, ഇന്റർനെറ്റ് കണക്ഷനോട് കൂടിയ ലാപ് ടോപ്/ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ എന്നിവയും സർക്കാർ ഉത്തരവ് വ്യവസ്ഥ പ്രകാരം അനുവദിച്ചിട്ടുണ്ട്. |
| (ബി) ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നാളിതുവരെ എന്ത് തുക കൈപ്പറ്റിയിട്ടുണ്ട്; | നാളിതുവരെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ 30,24,704 രൂപ നൽകിയിട്ടുണ്ട്. |
| (സി) കിഫ്ബി ചീഫ് പ്രോജക്റ്റ് എക്സാമിനറുടെ ചുമതലകൾ വ്യക്തമാക്കുമോ; | കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന് നേതൃത്വം നൽകുക, പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ സാങ്കേതിക വശങ്ങളും ഗുണനിലവാരവും പരിശോധിക്കുക എന്നിവയാണ് ചീഫ് പ്രോജക്റ്റ് എക്സാമിനറുടെ പ്രധാനപ്പെട്ട ചുമതലകൾ. |
| (ഡി) അദ്ദേഹത്തിന്റെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | കിഫ്ബിയുടെ ചീഫ് പ്രോജക്റ്റ് എക്സാമിനറെ 3 വർഷ കരാർ അടിസ്ഥാനത്തിൽ പ്രതിവർഷം 10% വർദ്ധനവോടുകൂടി മാസം 2.3 ലക്ഷം രൂപ ഏകീകൃത വേതനം നിശ്ചയിച്ചാണ് നിയമിച്ചിരിക്കുന്നത്. കൂടാതെ വാഹന സൗകര്യവും, മൊബൈൽ ഫോൺ ചാർജും അനുവദിച്ചിട്ടുണ്ട്. |
| (ഇ) ചീഫ് പ്രോജക്റ്റ് എക്സാമിനർ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ നാളിതുവരെ എന്ത് തുക കൈപ്പറ്റിയെന്ന് വ്യക്തമാക്കുമോ? | നാളിതുവരെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ 32,57,566 രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ